# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3863 — 21.06.2019 -ൽ മറുപടിക്ക്

**സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പുനരുദ്ധാരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സജി ചെറിയാൻ<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ. എസ്.രാജേന്ദ്രൻ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനായി പ്രളയ പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) | 29.05.2019-ലെ സ.ഉ(സാധാ)436/2019/വ്യവ ഉത്തരവ് പ്രകാരം പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പ്രളയ പുനരുദ്ധാരണ പദ്ധതി (വിഹിതം 1000 ലക്ഷം രൂപ) ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) | പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ യൂണിറ്റുകൾക്ക് കുറഞ്ഞ പലിശയിൽ ധനസഹായം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | 29.05.2019-ലെ സ.ഉ(സാധാ)435/2019/വ്യവ ഉത്തരവ് പ്രകാരം പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ യൂണിറ്റുകൾക്ക് പലിശ സബ്സിഡി നൽകുന്ന പ്രളയ പുനർനിർമ്മാണ പദ്ധതി ( വിഹിതം 600 ലക്ഷം രൂപ) ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി വഴി ബാങ്കുകളിൽ നിന്നും 8 ശതമാനം പലിശയിളവിൽ ടേം ലോൺ/പ്രവർത്തന മൂലധനവായ്പ വർഷാടിസ്ഥാന ക്രമത്തിൽ പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയിലെ നിർമ്മാണ സേവന വിഭാഗങ്ങൾക്ക് സഹായ ധനമായി ലഭ്യമാക്കും. യൂണിറ്റുകൾക്ക് അർഹമായ പരമാവധി തുക പ്രതി വർഷം 5 ലക്ഷം രൂപയായി പരിമിതപ്പെടുത്തുകയും യൂണിറ്റുകളുടെ പ്രവർത്തനവും/ ലാഭക്ഷമതയും ബാങ്കുകൾ കണക്കാക്കി സഹായം 3 വർഷം വരെ വർദ്ധിപ്പിക്കാവുന്നതുമാണ്. ഈ സഹായം ബാങ്കുമായി ബന്ധപ്പെടുത്തിയിട്ടുള്ള ഗ്രാന്റിന്റെ രൂപത്തിൽ വ്യവസായ വകുപ്പിന്റെ വ്യക്തമായ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം നിർമ്മാണ സംരംഭങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.<br>പ്രളയ ബാധിത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) പുനർജനി എന്ന പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്ന് വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്തതും പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചതുമായ ചെറുകിട ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനായി താഴെ പറയുന്ന പ്രളയ പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>• റീബിൽഡ് സ്കീം - 10% പലിശ നിരക്കിൽ സംരംഭങ്ങളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ തുകയുടെ 90% അധികവായ്പയായി നൽകുന്ന പദ്ധതി<br>• കോൺട്രാക്ടേഴ്സിന് വേണ്ടിയുള്ള 'വികാസ് ' സ്കീം - ഗവൺമെന്റ് വർക്കുകൾ റോഡ്, ബ്രിഡ്ജ്, കെട്ടിടങ്ങൾ എന്നിവയുടെ |

| | | | |
|---|---|---|---|
| | | | പുനരുദ്ധാരണത്തിനും നിർമ്മാണത്തിനും കോൺട്രാക്ടേഴ്സിന് 20 കോടി വരെ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ച Line of credit facility യും നൽകിവരുന്നു.<br>• ബിൽ ഡിസ്കൗണ്ടിംഗ് സ്കീം<br>• പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നുമായി വിവിധ ആവശ്യങ്ങൾക്ക് ലോൺ എടുത്തവരുടെ എല്ലാ സ്റ്റാൻഡേർഡ് അക്കൗണ്ടിലെയും തിരിച്ചടവിൽ താമസം നേരിട്ട ദിവസങ്ങളിലെ പിഴപലിശ 01.08.2018 മുതൽ 30.11.2018 വരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>• കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് റിബേറ്റിനുള്ള സാവകാശം 5-ാം തീയതിയിൽ നിന്നും 15 -ാം തിയതി വരെ നീട്ടി നൽകിയിട്ടുണ്ട്.<br>• മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന് മോറട്ടോറിയം, പലിശ ഫണ്ടിംഗ്, കാലാവധി നീട്ടികൊടുക്കൽ എന്നിവയും നൽകിയിട്ടുണ്ട്.<br>• എല്ലാ റവന്യൂ റിക്കവറി നടപടികളും 30.11.2018 വരെ നിർത്തിവച്ചിട്ടുണ്ടായിരുന്നു. |
| സി) | സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സാമ്പത്തിക പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും അവരുടെ ഉല്പന്നങ്ങളുടെ പ്രദർശനത്തിനും വില്പനയ്ക്കുമായി സ്ഥിരം പ്രദർശന വിപണന സമുച്ചയം നിർമ്മിക്കുന്നതിനും പദ്ധതിയുണ്ടോ; | സി) | സൂക്ഷ്മ ചെറുകിട ഇടത്തരം ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി സ്ഥിരം പ്രദർശന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലേക്കായുള്ള പദ്ധതി 2019-20 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത സംരംഭക മേഖലയിലെ ഉല്പന്നങ്ങൾ ദേശീയ, അന്തർദേശീയ തലത്തിലുള്ള മേളകളിൽ പ്രദർശിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | ഡി) | കേരളത്തിലെ എം.എസ്.എം.ഇ, പൊതു മേഖല, പരമ്പരാഗത മേഖല കുടുംബശ്രീ തുടങ്ങി വിവിധ മേഖലകളിലെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്.<br>കൂടാതെ നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ, സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ, അഗ്രോ ഫുഡ് പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നതാണ്.<br>കേരളത്തിലെ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ദേശീയ / അന്തർദേശീയ തലത്തിലുള്ള വ്യവസായ പ്രദർശനങ്ങളിലും, മേളകളിലും പങ്കെടുക്കുവാനുള്ള അവസരങ്ങൾ നൽകി വരുന്നു.<br>കൂടാതെ കേരളത്തിലെ സൂക്ഷ്മ ചെറുകിട മേഖലയിലെ (SME) സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി സജ്ജമാക്കുന്നതിലേക്കായിട്ട് വെബ് പോർട്ടൽ കെബിപ്പ് വഴി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ